**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3387      14.03.2017-ൽ മറുപടിയ്ക്ക്

**എം.എൽ.എ മാർ നൽകുന്ന പരാതികൾ**

| ചോദ്യം<br>ശ്രീ. ഡി. കെ. മുരളി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ മാർ നൽകുന്ന പരാതികൾക്ക് മറുപടി നൽകുന്നതിനും സ്വീകരിച്ച നടപടിയുടെ വിവിധ ഘട്ടങ്ങൾ അറിയിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന പരാതികൾ ഉടൻ സ്കാൻ ചെയ്ത് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കുമായി രൂപകൽപന ചെയ്തിട്ടുള്ള പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നു. രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന ഡോക്കറ്റ് നമ്പർ പരാതിയിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ ഫോണിലേക്ക് സന്ദേശമായി ലഭിക്കുകയും ചെയ്യും. തുടർന്ന് പ്രസ്തുത പരാതി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്/ഓഫീസിലേക്ക് അയയ്ക്കുകയും ഇക്കാര്യം പരാതിക്കാരനെ തപാലിലൂടെ അറിയിക്കുകയും കൂടാതെ പരാതി സ്വീകരിച്ച വിവരം അറിയിച്ചുകൊണ്ടുള്ള ബഹു.മുഖ്യമന്ത്രിയുടെ കത്ത് ബഹു.എം.എൽ.എ യ്ക്കും അയയ്ക്കാറുണ്ട്. പരാതി പരിഹാര കേന്ദ്രത്തിന്റെ ഭാഗമായി 155300 എന്ന നമ്പരിലെ കോൾ സെന്ററിൽ ഡോക്കറ്റ് നമ്പർ നൽകിയാൽ പരാതിയുടെ അപ്പോഴുള്ള നില അറിയുവാൻ കഴിയുന്നതുമാണ്. മറ്റു മന്ത്രിമാരുടെ ഓഫീസുകളിൽ ബഹു. എം.എൽ.എ മാർ നൽകുന്ന പരാതികൾ സമയബന്ധിതമായി രജിസ്റ്റർ ചെയ്യുകയും ഇ-ഫയൽ സംവിധാനം വഴിയും, കൂടാതെ അസൽ പരാതി നേരിട്ടും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ സെക്രട്ടറിമാർ/ബന്ധപ്പെട്ട മറ്റ് മന്ത്രിമാർ എന്നിവർക്ക് തുടർ നടപടി സ്വീകരിക്കുന്നതിനായി നൽകിവരുന്നു. കൂടാതെ പ്രസ്തുത വിവരം ബഹു. എം.എൽ.എ മാരെ കത്ത് മുഖേന അറിയിക്കാറുമുണ്ട്. ചില മന്ത്രിമാരുടെ ആഫീസുകളിൽ പരാതിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് നേരിട്ട് പരാതിക്കാരെ അറിയിക്കുന്ന സംവിധാനവും ഉണ്ട്. |
| (ബി) | നടപടിയുടെ വിവിധ ഘട്ടങ്ങൾ എം.എൽ.എ മാർക്ക് അറിയുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | നടപടിയുടെ വിവിധ ഘട്ടങ്ങൾ എം.എൽ.എ മാർക്ക് അറിയുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ബഹു.എം.എൽ.എ മാർക്ക് ലഭ്യമാക്കുന്ന യൂസർ ഐഡി, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് cmo.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഓരോ പരാതിയുടെയും വിവിധ ഘട്ടങ്ങൾ നേരിട്ട് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ